ഉത്തരം

(എ ആന്റ് ബി) ത്രിതല പഞ്ചായത്തുകളുടെ കൈവശമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾ മുഖാന്തരം ആവശ്യപ്പെടുന്ന പക്ഷം ഗവൺമെന്റിന് അക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതിന് പഞ്ചായത്ത്‌രാജ് ആക്ടിൽ നിയമമുണ്ട്. ഇതനുസരിച്ചുള്ള പല ശുപാർശകളും പരിഗണിച്ച് വരികയാണ്.

ഗ്രാമീണ റോഡുകളെ ജില്ലാതല റോഡുകളായി ഉയർത്താനുള്ള നടപടി

68 [684] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റു ജില്ലാതല റോഡുകളും പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളും പ്രധാന ജില്ലാതല റോഡായി ഉയർത്തുവാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഇപ്രകാരം ഉയർത്തുന്നുണ്ടെങ്കിൽ അവികസിതമായ മേഖലയ്ക്കും കഴിഞ്ഞ കാലങ്ങളിൽ അവഗണിക്കപ്പെട്ട മേഖലയ്ക്കും അർഹമായ പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) അവികസിതമേഖലയ്ക്ക് അർഹമായ പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ഒ.ഡി.ആർ. ഗണത്തിൽപ്പെടുന്ന റോഡുകൾ ജില്ലാ പഞ്ചായത്തിനു കൈമാറാനുള്ള നിർദ്ദേശം

69 [685] ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പി.ഡ്ബ്ല്യു.ഡി.-യുടെ കൈവശമുള്ള ഒ.ഡി.ആർ. ഗണത്തിൽപ്പെടുന്ന റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറണമെന്നു നിർദ്ദേശിച്ച് ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ച ഉത്തരവിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്നറിയിക്കാമോ;

(ബി) നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കി പി.ഡബ്ല്യു.ഡി. കാലാകാലങ്ങളിൽ ഏറ്റെടുത്ത ഈ റോഡുകൾ ജില്ലാ പഞ്ചായത്തിന് തിരികെ നൽകണമെന്ന നിർദ്ദേശം പ്രായോഗികമാണോ; ഇതിനെതിരെ ഉണ്ടായിട്ടുള്ള ജനവികാരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ റോഡുകൾ എം.ഡി.ആർ. ആയി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ടി സമർപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശത്തിന്മേൽ എന്ത് നിലപാടാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒ.ഡി.ആർ., എം.ഡി.ആർ. ആയി മാറ്റണമെന്ന നിർദ്ദേശത്തിന്മേൽ പത്തനംതിട്ട ജില്ലയിലെ കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ എം.ഡി.ആർ. ആയി മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റോഡുകൾ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് മറ്റ് ജില്ലാതല റോഡുകളും വില്ലേജ് റോഡുകളും പഞ്ചായത്തുകൾക്ക് സർക്കാർ ഉത്തരവുപ്രകാരം കൈമാറിയിട്ടുണ്ട്. അതനുസരിച്ചാണ് ചീഫ് എഞ്ചിനീയർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്.

(ബി) പഞ്ചായത്ത്രാജ് ആക്ട് പ്രകാരമാണ് റോഡുകൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത്. എം.എൽ.എ.-മാർ, പഞ്ചായത്ത് അധികാരികൾ തുടങ്ങിയവർ പ്രസ്തുത റോഡുകൾ പി.ഡബ്ല്യു.ഡി.-യുടെ അധികാര പരിധിയിൽ നിലനിർത്തണമെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള മറ്റ് ജില്ലാതല റോഡുകളും വില്ലേജ് റോഡുകളും മരാമത്ത് വകുപ്പിൽ എം.ഡി.ആർ. ആയി ഉയർത്തി നിലനിർത്തണമെന്നതിനെക്കുറിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം വേണ്ട തീരുമാനങ്ങൾ കഴിവതും വേഗം എടുക്കുന്നതാണ്.

(ഡി) ഇല്ല. ബാധകമല്ല.

കണ്ണൂർ ജില്ലയിലെ എം.ഡി.ആർ. ആയി ഉയർത്തിയ റോഡുകളും മറ്റ് ജില്ലാതല റോഡുകളും

70 [686] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവ. ഉത്തരവ് 32/98 (14-5-1998) പ്രകാരം സംസ്ഥാനത്തെ എത്ര കിലോമീറ്റർ റോഡുകളാണ് പ്രധാന ജില്ലാതല റോഡായി ഉയർത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ എത്ര കിലോമീറ്റർ റോഡുകൾ എം.ഡി.ആർ. ആയി ഉയർത്തിയെന്നും ഇതിൽ ഓരോന്നിലും നിയോജകമണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡുവീതം എം.ഡി.ആർ. ആയി ഉയർത്തിയെന്നും വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ കണ്ണൂർ ജില്ലയിലെ മറ്റ് ജില്ലാതല റോഡുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള ദൈർഘ്യം എത്ര കിലോമീറ്റർ വീതമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly